DESPATCHED On...11.6.2020
29/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1395(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.8898/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. വിനോദ് ആർ.,
ടി.സി. 68/2456, തെക്കേ വേങ്കറ വീട്,
തിരുവല്ലം പി.ഒ.,
തിരുവനന്തപുരം - 695 027.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി,
ആഭ്യന്തര (എ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി,
ആഭ്യന്തര (എ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05/01/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13/01/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04/02/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27/02/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 25/05/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 26/05/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/06/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/06/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28/02/2020 - സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. വിനോദ് ആർ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിമയത്തിലെ 2(എഫ്) ന്റെ പരിധിയിൽ വരുന്നതല്ലായെന്നാണ് ഒന്നാം എതിർകക്ഷി

അറിയിച്ചതെന്നും ഒന്നാം അപ്പീൽ അധികാരി അറിയിച്ചത്, വിശദീകരണങ്ങൾ ചോദിക്കുക, വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നായിരുന്നു എന്നും പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ ഉത്തരവുകൾ മാത്രമാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നത് എന്നും ടി വിവരങ്ങളിൽ രഹസ്യസ്വഭാവം ഉൾക്കൊള്ളുന്ന യാതൊന്നും ഇല്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. സർക്കാർ വകുപ്പുകളിൽ ജില്ലാതല നിയമനങ്ങൾ ആരംഭിച്ചത് എന്നു മുതൽക്കാണെന്നും ഏതു ഉത്തരവ് പ്രകാരമെന്നും അതിന്റെ പകർപ്പ് നൽകണമെന്നും

ii. ജില്ലാതല നിയമനങ്ങൾ നടപ്പിലാക്കിയ സർക്കാർ വകുപ്പുകളിൽ സീനിയോറിറ്റി നിർണ്ണയിക്കുന്നതിനു ഏതെങ്കിലും സ്പെഷ്യൽ റൂളുകൾ നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു ഉത്തരവ് പ്രകാരമെന്നും അതിന്റെ പകർപ്പ് നൽകണമെന്നും

iii. പോലീസ് ഡിപ്പാർട്ട്മെന്റിൽ പോലീസ് ഉദ്യോഗസ്ഥരുടെ സീനിയോറിട്ടി കണക്കാക്കുന്നത് ഏതു ഉത്തരവ് പ്രകാരമെന്നും അതിന്റെ പകർപ്പ് നൽകണമെന്നും

iv. ജി.ഒ.(എം.എസ്) നം. 125/80 പ്രകാരമല്ലാതെ സീനിയോറിറ്റി നിശ്ചയിക്കുന്നതിനു ഏതെങ്കിലും ഉത്തരവുകൾ ഉണ്ടോ എന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 2(എഫ്) ന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകാൻ നിർവ്വാഹമില്ല എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ മാത്രമാണ് ടിയാൻ ആവശ്യപ്പെട്ടത് എന്നും ആയതിനു രഹസ്യസ്വഭാവമില്ലെന്നും ആയതിനാൽ ടി വിവരങ്ങൾ നൽകണമെന്നുമാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ചോദ്യരൂപേണയായതിനാൽ ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) ന്റെ പരിധിയിൽ വരാത്തതിനാലാണ് ഒന്നാം എതിർകക്ഷി ടിയാന്റെ അപേക്ഷ നിരസിച്ചത് എന്നും ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ മാത്രമാണ് വിവരാവകാശ നിമയപ്രകാരം ലഭ്യമാക്കാൻ കഴിയുന്നത് എന്നും ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ള മറുപടി തൃപ്തികരമാണെന്നുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള ജി.ഒ.(പി) നം. 33/89/ഹോം, ജി.ഒ.(പി) നം. 125/80/ഹോം എന്നിവയല്ലാതെ മറ്റൊന്നും തന്നെ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരനെയും നിലവിലെ ഒന്നാം എതിർകക്ഷിയെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്, വിവിധ സർക്കാർ വകുപ്പുകളിൽ നടപ്പാക്കിയിട്ടുള്ള ജില്ലാ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങളാണെന്നു കാണുന്നു. ആയത് എതിർകക്ഷി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള വിവരമല്ലെന്നു കാണുന്നു. അപ്രകാരം തന്നെ ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച ടി വിവരങ്ങൾ കണ്ടെത്തി നൽകണമെങ്കിൽ ആയതു സംബന്ധിച്ച് വിശദമായ ഒരന്വേഷണം നടത്തേണ്ടി വരുമെന്നും കാണുന്നു. ഏതെങ്കിലും പ്രത്യേക കാലയളവിലെയോ ഏതെങ്കിലും പ്രത്യേക ഉത്തരവ് സംബന്ധിച്ച വിവരമോ അല്ല ഹർജിക്കാരൻ ടി ഇനങ്ങളിൽ തേടിയിട്ടുള്ളത് എന്നും കാണുന്നു. ആയതിനാൽ ഗവേഷണാത്മകമായ ഒരന്വേഷണം നടത്തി, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം കണ്ടെത്തി നൽകാനുള്ള ഉത്തരവാദിത്വം വിവരാവകാശ നിയമപ്രകാരം എതിർകക്ഷി സ്ഥാപനത്തിനില്ല. അത്തരത്തിലുള്ള ശ്രമം എതിർകക്ഷി ഓഫീസിന്റെ സാധാരണയായുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ വിവരാവകാശ നിയമപ്രകാരം ടി ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ചു നൽകേണ്ടതില്ല. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 3 മുതൽ 10 വരെയുള്ള ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നിർബന്ധമായും ടി വിഷയം കൈകാര്യം ചെയ്യുന്ന പോലീസ് വകുപ്പിന്റെ പക്കൽ ലഭ്യമാകേണ്ടതാണ്. ആയതിനാൽ ടി ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിലേക്കായി ഹർജിക്കാരന്റെ അപേക്ഷ പോലീസ് ആസ്ഥാനത്തെ എസ്.പി.ഐ.ഒ.യ്ക്ക് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പുപ്രകാരം കൈമാറേണ്ടതായിരുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 7, 9, 10 എന്നീ ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് വിശദീകരണമോ, സംശയനിവാരണമോ നിയമവ്യാഖ്യാനമോ ഒക്കെയാണ്. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) വകുപ്പു പ്രകാരം നിർവ്വചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ടി ഇനങ്ങൾ സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം വിവരം നൽകാൻ നിർവ്വാഹമില്ല. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 3, 4, 5, 6, 8 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകുന്നതിലേയ്ക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പുപ്രകാരം സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലേയ്ക്ക് അയച്ചു കൊടുത്ത് അക്കാര്യം ഹർജിക്കാരനെ അറിയിക്കേണ്ടതാണ്.

5. ഹർജിക്കാരന്റെ അപേക്ഷയിന്മേലും അപ്പീലപേക്ഷയിന്മേലും എതിർകക്ഷികൾ നൽകിയിട്ടുള്ള മറുപടികൾ ന്യായീകരിക്കത്തക്കതല്ല. ഒന്നാം എതിർകക്ഷി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നിയമത്തിലെ 2(എഫ്) ന്റെ പരിധിയിൽ വരുന്നതല്ലെന്നു പ്രസ്താവിച്ചാണ് നിരാകരിച്ചത്. ഹർജിക്കാരന്റെ അപേക്ഷയിൽ വിവരങ്ങളാണ് തേടിയിട്ടുള്ളത്. ടി വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്നില്ലെങ്കിൽ ആയത് ചൂണ്ടിക്കാട്ടിയായിരുന്നു മറുപടി നൽകേണ്ടിയിരുന്നത്. അപ്രകാരം തന്നെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ മിക്കവയും പോലീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടതാകയാൽ ടി വകുപ്പിലേക്ക് ഹർജിക്കാരന്റെ അപേക്ഷ അയച്ചു നൽകാനുള്ള നടപടി ഒന്നാം എതിർകക്ഷി സ്വീകരിക്കേണ്ടതുമായിരുന്നു. ഹർജിക്കാരൻ വിവരങ്ങൾ തേടിയിരിക്കുന്നത് ചോദ്യരൂപേണയായതിനാൽ ആയതു നൽകാൻ കഴിയില്ല എന്ന വാദവും വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാനാകില്ല. ഹർജിക്കാരൻ

ചോദ്യരൂപേണ ആവശ്യപ്പെട്ടിരിക്കുന്നത് പൊതു അധികാരിയുടെ പക്കൽ ലഭ്യമായ വിവരമാണെങ്കിൽ ആയതു നൽകാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട പൊതു അധികാരിയ്ക്കുണ്ട്. ടി വിഷയത്തിൽ എതിർകക്ഷികൾ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us